

## പല്ലവി

കാണാമെനിക്കെന്റെ രക്ഷിതാവേ നിന്റെ
തങ്കമുഖം എന്റെ താതൻ രാജ്യേ

## ചരണങ്ങൾ

ഈ ലോകമായയിൽ പെട്ടു വലഞ്ഞു ഞാൻ
മേലോകവാർത്തയിൽ ദൂരസ്ഥനായി
അല്പായുഷ്ക്കാലമീലോകത്തിൽ വാസം ഞാൻ
പുല്ലോടു തുല്യമായ് കാണുന്നിപ്പോൾ

കാലന്റെ കോലമായി മൃത്യു വരുന്നെന്നെ
കാലും കയ്യും കെട്ടി കൊണ്ടുപോവാൻ
കണ്ണും മിഴിച്ചു ഞാൻ വായും തുറന്നു ഞാൻ
മണ്ണോടു മണ്ണങ്ങു ചേർന്നിടേണം

എല്ലാ സാമർത്ഥ്യവും പുല്ലിന്റെ പൂപോലെ
എല്ലാ പ്രൗഢത്വവും പുല്ലിന്റെ പൂപോലെ
മർത്യന്റെ ദേഹത്തിനെന്തോരു വൈശിഷ്ട്യം
എന്തിനു ദേഹത്തിൽ ചാഞ്ചാടുന്നു

വണ്ണം പെരുത്താലും മണ്ണിന്നിരയതു
കണ്ണിന്റെ ഭംഗിയും മായമായ



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me



കൊട്ടാരമായാലും വിട്ടേ മതിയാവൂ
കോട്ടയ്ക്കകത്തേക്കും മൃത്യു ചെല്ലും

പതിനായിരം നില പൊക്കിപ്പണിഞ്ഞാലും
അതിനുള്ളിലും മൃത്യു കയറിച്ചെല്ലും
ചെറ്റപുരയതിൽ പാർക്കുന്ന ഭിക്ഷുവും
മുറ്റും മരണത്തിന്നധീനനാം

രോഗങ്ങളോരോന്നും പെട്ടന്നുള്ളാപത്തും
ആർക്കും വരുന്നതിക്ഷോണീതലേ
കഷ്ടം മനുഷ്യർക്കു രോഗക്കിടക്കയിൽ
അഷ്ടിക്കശനം പോലായീടുമേ

അയ്യോ അയ്യോ എന്നുള്ളന്ത്യസ്വരമോർക്കിൽ
അയ്യോ എനിയ്ക്കെന്നും വേണ്ടാ പാരിൽ
കർത്താവെനിയ്ക്കൊരു വാസസ്ഥലം വിണ്ണിൽ
എത്രകാലം മുൻപേ തീർപ്പാൻ പോയി

ആ വീട്ടിൽ ചെന്നു ഞാൻ എന്നന്നേക്കും പാർക്കും
ആ വീട്ടിൽ മൃത്യുവിനില്ലോർ വഴി
പതിനായിരം കോടി ദൂതന്മാർ മധ്യേ ഞാൻ
കർത്താവാമേശുവിൻ കൂടെ വാഴും